ശ്രീ. ടി. കെ. കൃഷ്ണൻ: ഇതിന് പ്രയോഗിക പരീശീലനത്തിനുള്ള ഏർപ്പാടുണ്ടോ?

ശ്രീ. കെ. എം. ജോർജ്: അവരുടെ കോഴ്സ് പൂർത്തിയായാൽ പിന്നീട് നിയമിക്കപ്പെടുന്ന സ്ഥാപനങ്ങളിൽ ലഭിക്കുന്ന പരിശീലനമല്ലാതെ ഇപ്പോഴേ വേറെ പരിശീലനത്തിനുള്ള ഏർപ്പാടൊന്നും പരിഗണിച്ചിട്ടില്ല.

കുറ്റ്യാടി പോലീസ് സ്റ്റേഷൻ ആക്രമണം

* 62. [254] ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി പോലീസ് സ്റ്റേഷൻ ആക്രമിക്കപ്പെടാൻ ഇടയുണ്ടെന്ന സൂചന പോലീസിനു നേരത്തെ ലഭിച്ചിരുന്നുവോ;

(ബി) ലഭിച്ചിരുന്നുവെങ്കിൽ ആക്രമണം ഒഴിവാക്കാൻ എന്തു മുൻകരുതലുകൾ സ്വീകരിച്ചിരുന്നു;

(സി) കൈ നഷ്ടപ്പെടുവാൻ ഇടയായ സബ് ഇൻസ്പെക്ടർക്ക് എന്തു ആശ്വാസം നൽകുന്നുണ്ട്;

(ഡി) ഈ കേസനേഷണത്തിന്റെ പേരിൽ ആവശ്യമില്ലാത്ത ആളുകളെ പോലീസ് ചോദ്യം ചെയ്യുകയും "harass" ചെയ്യുകയും ചെയ്തതായി ആക്ഷേപം ഉണ്ടായിട്ടുണ്ടോ?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) സബ് ഇൻസ്പെക്ടറെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിടത്തി ചികിൽസിച്ചുവരുന്നു. അദ്ദേഹത്തിന് 3000 രൂപ ഗവൺമെൻറിൽനിന്ന് സഹായധനം നൽകിയിട്ടുണ്ട്. കൃത്രിമകൈ ഗവൺമെൻറ് ചെലവിൽ വച്ചുകൊടുക്കാനും ഉത്തരവിട്ടിട്ടുണ്ട്. കൂടാതെ അദ്ദേഹത്തെ സർവ്വീസിൽ സ്ഥിരപ്പെടുത്താനും, പറ്റിയ ഒരു ജോലി നൽകാനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) മാർക്സിസ്റ്റുപാർട്ടിയിൽപ്പെട്ട ചിലരിൽനിന്നും അത്തരം ആക്ഷേപമുണ്ടായിട്ടുണ്ടെങ്കിലും, ആ ആക്ഷേപം ശരിയല്ല. കേസിൽ ബന്ധമുണ്ടെന്നു സംശയിക്കുന്നവരെ മാത്രമേ പോലീസ് ചോദ്യം ചെയ്തിട്ടുള്ളു.

ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള: ഈ സ്റ്റേഷൻ ആക്രമണത്തെപ്പറ്റി നേരത്തെ സൂചന ലഭിച്ചിരുന്നു എന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന പത്രത്തിൽ വന്നത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അങ്ങനെ നേരത്തെ ഈ പ്രത്യേക പോലീസ് സ്റ്റേഷൻ ആക്രമണത്തെക്കുറിച്ചു സൂചന ലഭിച്ചിരുന്നു എന്നല്ല മുഖ്യമന്ത്രിയുടെ പ്രസ്താവനയിൽ വന്നിട്ടുള്ളത്. എരുമേലി സംഭവം ഉണ്ടായതിനുശേഷം വളരെ അകന്നു കിടക്കുന്ന പോലീസ് സ്റ്റേഷനുകളിൽ ആക്രമണമുണ്ടാകുമെന്നും, കുഴപ്പമുണ്ടാകുമെന്നുമുള്ള പൊതുവേയുള്ള സൂചന ലഭിച്ചിരുന്നു എന്നുള്ളതല്ലാതെ പ്രത്യേക പോലീസ് സ്റ്റേഷന്റെ ആക്രമണത്തെ സംബന്ധിച്ചുള്ള സൂചന ലഭിച്ചിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള: ഈ കേസ് സംബന്ധിച്ച് ചിലരെയെല്ലാം നേരത്തെ അറസ്റ്റുചെയ്തു. 18-ാംതീയതി അറസ്റ്റു ചെയ്ത നാരായണ മാരാരെ 28-ാം തീയതി മാത്രമാണു കോടതിയിൽ ഹാജരാക്കിയതെന്നും ഇത്രയും ദിവസം പോലീസ് കസ്റ്റഡിയിൽ വച്ചതു നീതികരിക്കത്തക്കതല്ലെന്നുമുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അങ്ങനെ ചില ആക്ഷേപങ്ങൾ കിട്ടിയിട്ടുണ്ട്. അവരെ അനധികൃതമായ സമയം തടങ്കലിൽ വച്ചിട്ടില്ലെന്നാണ് ഗവൺമെൻറിനു കിട്ടിയ വിവരം.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: പേരാമ്പ്രയിലുള്ള ഞങ്ങളുടെ വാളൻറിയർ ക്യാപ്റ്റനായ അവറാൻകുട്ടിയേയും, പാർട്ടി പ്രവർത്തകനായ ഏ. വി. കണ്ണനേയും, തൊട്ടിൽപാലത്തുള്ള ഐ. പി. കൃഷ്ണനേയും, മറ്റാളുകളേയും പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി ലാക്കപ്പുമർദ്ദനത്തിനു വിധേയരാക്കി എന്നുള്ള പരാതി ഗവൺമെൻറിനു ലഭിച്ചശേഷം വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഞാൻ ഇതിനു ഉത്തരം പറഞ്ഞതാണ് മാർക്സിസ്റ്റു പാർട്ടിയിലെ സ്നേഹിതൻമാർ ഇങ്ങനെ ആക്ഷേപങ്ങൾ കൊടുത്തിട്ടുണ്ടെന്നും ആ ആക്ഷേപങ്ങൾ ശരിയല്ലെന്നുമാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടുള്ളത്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: ആക്ഷേപം ശരിയല്ലെന്നു പറഞ്ഞു. ശരിയാണെന്നുള്ള കാര്യത്തിൽ ഞങ്ങൾ ഒരു പ്രസ്താവന പുറപ്പെടുവിക്കുകയും ചെയ്തു. ഇതേ സംബന്ധിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഇപ്പോൾ നടത്തിയതിനേക്കാൾ കൂടുതലായി അന്വേഷണം ഇതുസംബന്ധിച്ച് നടത്താൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: കുറ്റിയാടി പോലീസ് സ്റ്റേഷനിൽ നക്സലൈറ്റുകളുടെ ആക്രമണം ഉണ്ടാകുമെന്നു കാണിച്ചുകൊണ്ട് ഈ ആക്രമണത്തിനു വിധേയനായ സബ് ഇൻസ്പെക്ടർ പ്രഭാകരൻ മുമ്പിലത്തെ മന്ത്രിസഭയുടെ കാലത്തുതന്നെ കോഴിക്കോട് ഡി. എസ്. പി. യായ കുമാരസ്വാമിയോട് റിസർവ്വ്പോലീസിനെ അയച്ചുതരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; എന്നിട്ട് അയയ്ക്കാതെ ഇരുന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നക്സലൈറ്റുകളുടെ ആക്രമണം ഉണ്ടാവുമെന്ന് അറിയിച്ചതായി അറിവില്ല. എരുമേലിയിൽ മുമ്പ് ഇപ്രകാരമുള്ള സംഭവം ഉണ്ടായതിനുശേഷം എല്ലാ പോലീസുദ്യോഗസ്ഥൻമാരോടും കാര്യമായ കരുതൽ ഉണ്ടാകണമെന്നും പ്രധാനപ്പെട്ട ആളുകളെ അവിടെത്തന്നെ ഉറങ്ങേണ്ടതാണെന്നുമുള്ള നിർദ്ദേശം കൊടുത്തപ്പോൾ കുറ്റ്യാടി പോലീസ് സ്റ്റേഷനെസംബന്ധിച്ചിടത്തോളം ആളുകൾ മതിയാവുകയില്ല എന്നും കൂടുതൽ ആളുകളെ തരണമെന്നും എഴുതി അയച്ചതായി അറിയാം. അങ്ങനെ പല സ്ഥലങ്ങളിൽനിന്നും എഴുതി വന്നിട്ടുണ്ട്. അന്നത്തെ പരിതഃസ്ഥിതിയിൽ എല്ലാ സ്ഥലങ്ങളിലേക്കും കൂടുതൽ ആളുകളെ അയയ്ക്കാൻ പരിതഃസ്ഥിതി ഉണ്ടായിരുന്നില്ല.

ശ്രീ. ഏ. വി. കുഞ്ഞാമ്പു: ഡി. എസ്. പി. പോലീസിനെ അയച്ചുകൊടുക്കാൻ തയ്യാറാകാത്തതിനെതുടർന്ന് ഡി. ഐ. ജി. യോട് സബ് ഇൻസ്

LIBRARY ARCHIVES Kerala Legislative Assembly

പെക്ടർ പ്രഭാകരൻ കൂടുതൽ പോലീസിനെ അയച്ചു തരണം എന്നാവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പോലീസ് ഇപ്പോഴുള്ള ആവശ്യത്തിനു മതിയാവുകയില്ല. കൂടുതൽ പോലീസിനെ അയച്ചുതരണമെന്നു പല പോലീസ് സ്റ്റേഷനിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോഴത്തെ നിലയനുസരിച്ച് അത്രയധികം പോലീസിനെ അയയ്ക്കാൻ നിവൃത്തിയില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മർദ്ദനം നടന്നു എന്ന പരാതി അടിസ്ഥാനരഹിതമാണെന്ന് അങ്ങു പറഞ്ഞു. ആരാണ് അന്വേഷിച്ചത് ആരുടെ റിപ്പോർട്ടിനെ ആസ്പദമാക്കിയാണ് അടിസ്ഥാനരഹിതമെന്നു പറയുന്നത്. മനുഷ്യമാംസവും രക്തവും കൂട്ടിക്കുഴച്ച ചോറ് മർദ്ദനം നടത്തിയതിനു ശേഷം കൊടുത്തു എന്നു വ്യക്തമായ പരാതി ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ഉത്തരവാദപ്പെട്ട ഏതെങ്കിലും ആഫീസറെ കൊണ്ടുവന്ന് അന്വേഷിപ്പിക്കാൻ നടപടി എടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വ്യക്തമായി എന്നു പറയുന്നതു കൊണ്ട് സത്യമായി എന്ന് അർത്ഥം വരുന്നില്ല. ഇങ്ങനെയുള്ള ധാരാളം ആരോപണങ്ങളും പോലീസുകാരെപ്പറ്റിയും പോലീസുദ്യോഗസ്ഥൻമാരെപ്പറ്റിയും ഇറക്കി അവരെ നിരുൽസാഹപ്പെടുത്തത്തക്ക രീതിയിലുള്ള നയമാണു നടന്നുകൊണ്ടിരിക്കുന്നത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അതു ശരിയല്ല.

മി. സ്പീക്കർ: മന്ത്രി ഉത്തരം പറഞ്ഞുകഴിയട്ടെ.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എന്നാൽ അവർതന്നെ ഉത്തരം പറയട്ടെ ഞാൻ ഉത്തരം പറയുന്നതിനിടക്കു കയറി പറഞ്ഞാൽ ഉത്തരം പറയാൻ പ്രയാസമുണ്ട്. മനുഷ്യമാംസത്തെപ്പറ്റിയുള്ള കഥ കേട്ടതിനുശേഷമാണ് ഐ. ജി. ആ സ്ഥലം സന്ദർശിച്ചത്. ആ അവസരത്തിലാകട്ടെ മുമ്പുള്ള അവസരത്തിലാകട്ടെ ഇതിനെസംബന്ധിച്ച് നേരിട്ട് ആരും പരാതി സമർപ്പിച്ചിട്ടില്ല. എന്നിട്ടുപോലും ഇതിനെസംബന്ധിച്ചുള്ള റിപ്പോർട്ടുകൾ കണ്ടപ്പോൾ ഗവൺമെൻറ് അവിടെ ഡി. എസ്. പി. യെ അയച്ച് അന്വേഷിപ്പിക്കുകയും അങ്ങനെ നടന്നിട്ടില്ലെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഡി. എസ്. പി. യെക്കൊണ്ട് അന്വേഷിപ്പിച്ചാൽ അങ്ങു പറയുന്ന രീതിയിലുള്ള സ്വതന്ത്രമായ രീതിയിലുള്ള തീരുമാനം ഉണ്ടാകാൻ സാദ്ധ്യമല്ല. അതുകൊണ്ട് ഉത്തരവാദപ്പെട്ട ആഫീസറെക്കൊണ്ട് അന്വേഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എല്ലാ ആരോപണങ്ങളെസംബന്ധിച്ചും അങ്ങനെ ഉത്തരവിടുക എന്നു പറഞ്ഞാൽ വളരെ പ്രയാസമാണ്. ഈ ആരോപണം അടിസ്ഥാനരഹിതമാണെന്നാണ് ഗവൺമെൻറിനു തോന്നുന്നത്. എന്നിട്ടുപോലും അന്വേഷണം നടത്തി. അങ്ങനെ നടത്തിയ അന്വേഷണത്തിൽക്കവിഞ്ഞു മറെറാരന്വേഷണത്തിൻെറയും ആവശ്യമുണ്ടെന്നു ഗവൺമെൻറിനു തോന്നുന്നില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, ഇവിടെ ആവശ്യത്തിനു പോലീസ് ഇല്ലാത്തതുകൊണ്ട് വേണ്ട സ്ഥലങ്ങളിലെല്ലാം പോലീസിനെ ഇഷ്ടംപോലെ

LIBRARY ARCHIVES Kerala Legislative Assembly

അയച്ചുകൊടുക്കാൻ സാധിച്ചിട്ടില്ലെന്നു മന്ത്രിയുടെ ഒന്നോ രണ്ടോ മറുപടിയിൽ നിന്നു വന്നിട്ടുണ്ട്. അതനുസരിച്ചുമാത്രം പോലീസിനെ റിക്രൂട്ടു ചെയ്യുന്നതിനു വല്ല നടപടിയും എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതിനെസംബന്ധിച്ചു തീരുമാനമൊന്നുമായിട്ടില്ല.

ശ്രീ. വി. കുട്ടിക്കൃഷ്ണൻനായർ: പോലീസ് സ്റ്റേഷൻ ആക്രമിച്ച ആക്രമികളെ സുധീരമായി നേരിട്ടു വെടിവച്ച പോലീസുകാർക്ക് ഗവൺമെന്റ് വല്ല റിവാർഡും കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പോലീസ് ഉദ്യോഗസ്ഥൻമാർക്ക് റിവാർഡ് കൊടുത്തിട്ടുണ്ടെന്നാണു തോന്നുന്നത്. ഇതിൽ അതു പറയുന്നില്ല.

ശ്രീ. കെ. കരുണാകരൻ: പോലീസ് സ്റ്റേഷൻ ആക്രമണത്തെപ്പോലുള്ള പ്രധാനസംഭവങ്ങളെക്കുറിച്ച് ഗവൺമെന്റിനു മുന്നറിയിപ്പ് കിട്ടിയിട്ടില്ലെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഇവിടത്തെ ഇന്റലിജൻസ് ഡിപ്പാർട്ടുമെന്റ് കുറേക്കൂടി കാര്യക്ഷമമായി പുനഃസ്ഥാപിക്കാൻ ഗവൺമെന്റുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇന്റലിജൻസ് ഡിപ്പാർട്ടുമെന്റിന്റെ കാര്യത്തിൽ എന്തെങ്കിലും മാറ്റം വരുത്തണമോ എന്നകാര്യം പരിഗണനയിൽ ഇരിക്കുകയാണ്. പൊതുവെ ആക്രമങ്ങൾക്കു വട്ടം കൂട്ടുന്നു എന്ന വിവരം ഇന്റലിജൻസ് ഡിപ്പാർട്ടുമെന്റിന് ഉണ്ടായിരുന്നു, ഇന്ന പോലീസ് സ്റ്റേഷൻ ഇന്ന ദിവസം ആക്രമിക്കുമെന്നുള്ളതിനെസംബന്ധിച്ചിടത്തോളം വിവരമുണ്ടായിരുന്നില്ല. കാസർകോടിനെസംബന്ധിച്ചിടത്തോളം ഇന്റലിജൻസ് വിഭാഗത്തിനു നേരത്തെ കണ്ടുപിടിക്കുന്നതിനും ആക്രമണം തടയുന്നതിനും സാധിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഒരാളെ അറസ്റ്റുചെയ്തുകഴിഞ്ഞാൽ 24 മണിക്കൂറിനകം അയാളെ കോടതിയിൽ ഹാജരാക്കണമെന്നു നിയമം അനുശാസിക്കുന്നു. ഇക്കാര്യത്തിൽ അറസ്റ്റുചെയ്ത ആളുകളെ അഞ്ചെട്ടുദിവസം കഴിഞ്ഞതിനുശേഷമാണ് കോടതിയിൽ ഹാജരാക്കിയിട്ടുള്ളത്. ഇതേപ്പറ്റി ഉത്തരവാദപ്പെട്ട ആളുകളെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ചോദ്യം ചെയ്യാൻ കൊണ്ടുപോയിട്ടുണ്ടെന്നു വിവരം കിട്ടിയതല്ലാതെ അഞ്ചാറുദിവസം പോലീസ് സ്റ്റേഷനിൽ മജിസ്ട്രേട്ടിന്റെ മുമ്പാകെ ഹാജരാക്കാതെ വച്ചിരുന്നു എന്നു ഗവൺമെന്റിനറിവില്ല.

ഡാ. ജോർജുതോമസ്: പോലീസ് സ്റ്റേഷൻ ആക്രമിക്കപ്പെടുമെന്നു സൂചന ലഭിച്ചിരുന്നതായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ആ സൂചന ലഭിച്ചതിൽ ഏതെങ്കിലും പ്രത്യേക രാഷ്ട്രീയപാർട്ടിയുടെ ആഭിമുഖ്യത്തിൽ അതിനുള്ള ഒരുക്കങ്ങൾ നടക്കുന്നു എന്നുള്ള സൂചനയാണോ ലഭിച്ചത്. അതോ വല്ല കൊള്ളസംഘമോ, കവർച്ച സംഘമോ ആയിരിക്കുമെന്നുള്ള സൂചനയാണോ ലഭിച്ചത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഏതു സംഗതി ആരു നടത്തിയാലും കവർച്ചതന്നെയാണ്. എന്നാൽ രാഷ്ട്രീയമായ ചില തീരുമാനങ്ങളുടെ അടി

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാനത്തിലാണ് ഇതു നടക്കാൻ പോകുന്നതെന്നാണ് ഗവൺമെന്റിനു കിട്ടിയ വിവരം.

ഡാ. ജോർജ്തോമസ്: രാഷ്ട്രീയമായ അടിസ്ഥാനത്തിലാണ് ഇതിനുള്ള ഒരുക്കങ്ങൾ നടക്കുന്നതെന്നു സൂചന ലഭിച്ചു എന്നു മന്ത്രി പറഞ്ഞു അങ്ങനെയാണെങ്കിൽ ഏതു രാഷ്ട്രീയപാർട്ടിയുടെ ആഭിമുഖ്യത്തിലാണ് ഇതിനുള്ള ഒരുക്കങ്ങൾ നടന്നത്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെ ഏതെങ്കിലും രാഷ്ട്രീയ പാർട്ടി പോലീസ് സ്റ്റേഷൻ ആക്രമിക്കുമെന്നുള്ള സൂചനയല്ല കിട്ടിയത്. നേരത്തെ പുൽപ്പള്ളി സംഭവം നടന്നതിനുശേഷം കുറെക്കാലംകഴിഞ്ഞ് കോട്ടയത്തിനടുത്ത് ഒരു കൊള്ള നടക്കുകയുണ്ടായി. ആ കൊള്ളയെത്തുടർന്നു പുൽപ്പള്ളി സംഭവവുമായി ബന്ധപ്പെട്ടവർ കൂടുതൽ പോലീസ് സ്റ്റേഷനുകൾ ആക്രമിക്കപ്പെടാൻ സാദ്ധ്യതയുണ്ടെന്നു വിവരം ലഭിക്കുകയുണ്ടായി.

ഡാ. ജോർജ്തോമസ്: കോട്ടയത്തിനടുത്തുനടന്ന കൊള്ള ആരുടെ ആഭിമുഖ്യത്തിലാണു നടന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പുൽപ്പള്ളി സംഭവത്തിലുണ്ടായിരുന്നവരായിരുന്നുവെന്നറിയുന്നു.

ശ്രീ. എം. കെ. കേളു: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഉത്തരത്തിൽ നിന്നു മാംസവും രക്തവും കലർത്തിയ ചോറു കൊടുത്തു എന്ന ആക്ഷേപപത്തെ സംബന്ധിച്ച് അന്വേഷിച്ച് അതു വാസ്തവവിരുദ്ധമാണെന്നു വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഈ സംഭവത്തെസംബന്ധിച്ച് യഥാർത്ഥത്തിൽ ചോറ് അടിച്ചു തീറ്റിച്ചു എന്നു പറഞ്ഞ് ഹർജി കളക്ടർക്കും ഗവൺമെന്റിനും കിട്ടിയിയിട്ടുണ്ട്. അതിൽ വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഗവൺമെന്റിന് അങ്ങനെ ഒരു ഹർജി കിട്ടിയിട്ടില്ല. ഈ സംഭവത്തെസംബന്ധിച്ചുള്ള പത്രറിപ്പോർട്ടുകൾ കണ്ടപ്പോൾ ഞാൻ കോഴിക്കോട്ടു കളക്ടറോട് സമ്പർക്കം പുലർത്തിയ അവസരത്തിൽ കോഴിക്കോടു കളക്ടർക്കും ഹർജി കിട്ടിയിരുന്നില്ല. എന്നാലും ഡി. എസ്. പി. അന്വേഷണം നടത്തിയപ്പോൾ എല്ലാകാര്യങ്ങളെക്കുറിച്ചും അന്വേഷിച്ചിട്ടുണ്ടെന്നാണ് റിപ്പോർട്ടിൽനിന്നു കാണുന്നത്.

ശ്രീ. ഇ. എം. ജോർജ്: ഈ കേസിനെസംബന്ധിച്ച് ചില ആളുകളെ 18-ാംതീയതി അറസ്റ്റു ചെയ്തു എന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെതന്നെ പ്രസ്താവനയും പത്രറിപ്പോർട്ടും ഉണ്ടായിരുന്നു. അതിൽ ചില ആളുകളെ 28-ാംതീയതിയാണ് കോടതിയിൽ ഹാജരാക്കിയതെന്നു കോടതിരേഖനോക്കിയാൽ മനസ്സിലാക്കാം. 18-ാംതീയതി അറസ്റ്റുചെയ്തു എന്നു മന്ത്രി പറയുന്ന ആളെ 28-ാം തീയതിയാണ് കോടതിയിൽ ഹാജരാക്കിയതെന്നു കോടതിരേഖനോക്കിയാലറിയാം. ഈ നിലയ്ക്ക് അറസ്റ്റു ചെയ്ത ആളുകളെ കസ്റ്റഡിയിൽവച്ചു താമസിപ്പിച്ചില്ല എന്നു മന്ത്രി പറയുന്നതിന്റെ അർത്ഥമെന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: 18-ാംതീയതി അറസ്റ്റു ചെയ്ത താണോ എന്നറിവില്ല. 18-ാംതീയതി അറസ്റ്റുചെയ്തവരെത്തന്നെയാണ് 28-ാംതീയതിവരെ കസ്റ്റഡിയിൽവച്ചത് എന്നുള്ളതിനു യാതൊരു തെളിവുമില്ല.

ശ്രീ. ഇ. എം. ജോർജ്: അങ്ങനെയാണെങ്കിൽ മന്ത്രിയുടെ പ്രസ്താവനയിൽ 18-ാംതീയതി അറസ്റ്റുചെയ്തു എന്നു പറഞ്ഞത് ആരെ ഉദ്ദേശി

LIBRARY ARCHIVES Kerala Legislative Assembly

ച്ചാണ്. അവരെ 28-ാം തീയതി അല്ലെങ്കിൽ പിന്നെ എന്നാണ് കോടതിയിൽ ഹാജരാക്കിയത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇത്രയും ഡീറ്റെയിലായിട്ട് ഇവിടെവച്ചു പറയാൻ സാദ്ധ്യമല്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അറസ്റ്റുചെയ്തു മർദ്ദിക്കപ്പെട്ടു എന്നു പറയുന്ന പ്രതികളെ ഈ കേസുകളിൽപ്പെട്ടതല്ലാത്തതുകൊണ്ട് നിരപരാധികളെന്നുകണ്ടു വിട്ടയച്ചു. അങ്ങനെയുള്ള ആളുകളെ 18-ാംതീയതി അറസ്റ്റുചെയ്തു എന്ന് അങ്ങയുടെ പ്രസ്താവന വളരെ വ്യക്തമായുണ്ട്. അതു ഹാജരാക്കാം. 28-ാംതീയതിയാണ് കോടതിയിൽ ഹാജരാക്കിയതെന്നുള്ളതിന് കോടതി രേഖകളുമുണ്ട്. അതുകൊണ്ടാണ് വ്യക്തമായി ഈ ആക്ഷേപത്തെ സംബന്ധിച്ച് അന്വേഷിക്കണമെന്നു ഞങ്ങൾ ആവശ്യപ്പെടുന്നത്. ശ്രീമാൻ പാച്ചനെ മാംസം തീറ്റിച്ചു എന്നു കോടതിയിൽ കൊടുത്തിട്ടുള്ള സ്റ്റേറ്റുമെൻറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അക്കാര്യങ്ങളെല്ലാം എടുത്തുകൊണ്ട് ഉത്തരവാദപ്പെട്ട ഒരു അന്വേഷണത്തിന് ഉത്തരവു പാസ്സാക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: 18-ാംതീയതി ഇന്ന ആളുകളെ അറസ്റ്റുചെതുവെന്ന് ആളുകളുടെ പേരുവച്ചൊന്നും ഞാൻ പറഞ്ഞിട്ടില്ല. 18-ാംതീയതി കുറെയാളുകളെ അറസ്റ്റുചെയ്തുവെന്നു പറയുകയും 28-ാം തീയതി കുറെയാളുകളെ കോടതിയിൽ ഹാജരാക്കിയെന്നു പറയുകയുംചെയ്തിട്ട് 'കാകതാലീയ ന്യായേന' അവരാണിവർ എന്നു പറഞ്ഞിട്ട് എന്നെക്കൊണ്ട് അതു പറയിപ്പിക്കുന്നതു ശരിയായിരിക്കുകയില്ല. അതിനെസംബന്ധിച്ചു ഞാൻ ആദ്യം പറഞ്ഞു, ഇപ്പോഴും നടത്തിയതിൽ കൂടുതലായി ഒരന്വേഷണം നടത്തണമെന്നു ഗവൺമെൻറുദ്ദേശിക്കുന്നില്ല എന്ന്.

ശ്രീ. ബി. മാധവൻനായർ: സർ, പോലീസിൻെറ ഇടപെടലുകളെ സംബന്ധിച്ച് പരിഷ്ക്കാരനയങ്ങളെന്നുള്ള നിലയിൽ മുൻമുഖ്യമന്ത്രിശങ്കരൻ നമ്പൂതിരിപ്പാട് ഇത്തരം പരാതികളും ഉണ്ടാകുമ്പോൾ പോലീസുകാരെസംബന്ധിച്ചുള്ള പരാതികളെസംബന്ധിച്ചു അന്വേഷിക്കാൻ അതിൽതന്നെ ഉയർന്ന ഉദ്യോഗസ്ഥൻമാരെ—സർക്കിളിനേയും ഡി. എസ്. പി. യേയും—അയയ്ക്കുന്ന നയമുണ്ടായിരുന്നു. അതൊരു പുരോഗമന നയമാണെന്നു അദ്ദേഹം പറഞ്ഞിട്ടുണ്ട്. ആ നയത്തിൽ വല്ല വ്യത്യാസവും ഇന്നത്തെ ആഭ്യന്തരവകുപ്പു മന്ത്രി വരുത്തിയിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ചെറിയ വ്യത്യാസം വരുത്തിയതു ഡി. എസ്. പി. യെക്കൊണ്ടാണ് ഇക്കാര്യം അന്വേഷിപ്പിച്ചതെന്നുള്ളതാണ്.

ശ്രീ. ജി. ഗോപിനാഥൻപിള്ള: കുറിയാടി പോലീസ് സ്റ്റേഷൻ ആക്രമിച്ച കേസ്സിലെ എഫ്. ഐ. ആറിൽ എത്ര പ്രതികളുണ്ടെന്നും കേസ് ഏതു രീതിയിലിരിക്കുന്നുവെന്നും പറയാൻ ദയവുണ്ടാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എഫ്. ഐ. ആറിൽ എത്ര പ്രതികളാണെന്നുള്ളതിനു രേഖ കൊണ്ടുവന്നിട്ടില്ല.

ശ്രീ. ഇ. അഹമ്മദ്: പ്രതികളെ മർദ്ദിക്കപ്പെട്ടു എന്നു ചില പാർട്ടി പത്രങ്ങളും പറഞ്ഞിട്ടും വിട്ടയച്ച പ്രതികളും പോലീസിനെസംബന്ധിച്ച് യാതൊരു പരാതിയും പോലീസിലേയ്ക്കോ ഗവൺമെൻറിലേയ്ക്കോ കൊടുത്തിട്ടില്ല എന്നുള്ളതു ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നോട്ടീസില്ലാതെ പറയാൻ പറ്റുകയില്ല.

ശ്രീ. എ. പി. കുര്യൻ: ഈ സ്റ്റേറഷൻ ആക്രമണത്തെത്തുടർന്ന് സംഭവസ്ഥലത്തുതന്നെ പോലീസിന്റെ വെടിയേറ്റു മരിച്ചുവീണ വേലായുധൻ എന്നയാളെ നക്സലൈറ്റായി ആണെന്നു നേരത്തേതന്നെ അറിയാമെന്നുള്ളതുകൊണ്ട് മാർക്സിസ്റ്റു പാർട്ടി പ്രവർത്തകരെ അറസ്റ്റു ചെയ്തു മർദ്ദനത്തിനു വിധേയരാക്കിയതു കരുതിക്കൂട്ടിയുള്ള ഒരു നിർദ്ദേശപ്രകാരമല്ലേ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഞാൻ അതിനുത്തരം പറയുമ്പോൾ ഞാൻ സമ്മതിച്ചതുപോലെ പരിഗണിക്കരുത്. അമ്മയെത്തല്ലുന്നതു നിർത്തിയോ .....എന്നു ചോദിക്കുമ്പോൾ, നിർത്തി എന്നു പറഞ്ഞാലും 'മുമ്പു തല്ലി' എന്നർത്ഥംവരും. അതുകൊണ്ട് സൂചനകളെല്ലാം നിക്ഷേധിച്ചുകൊണ്ട് എനിക്കു പറയുവാനുള്ളത് അവിടെ കൊല്ലപ്പെട്ട ആൾ നക്സലൈറ്റ് ആണെന്നുള്ളതു ശരിയാണ്. അതുകൊണ്ടു വേറെ ആരെയും ചോദ്യം ചെയ്യാൻ പാടില്ലെന്നു പറയാൻ വയ്യ. ഇന്നലത്തെ നക്സലൈറ്റു ഇന്നത്തെ മാർക്സിസ്റ്റും ഇന്നലത്തെ മാർക്സിസ്റ്റു ഇന്നത്തെ നക്സലൈറ്റും ആകുന്ന കാലഘട്ടത്തിൽ ആരാണ് എന്നു പ്രത്യേകം വേർതിരിച്ചറിയാൻ രേഖയില്ലാത്തതുകൊണ്ടു പലരേയും ചോദ്യം ചെയ്യും.. മാർക്സിസ്റ്റു വേറെ നക്സലൈറ്റു വേറെ എന്നു തരംതിരിക്കാൻ സാധ്യമല്ല. ചോദ്യം ചെയ്യപ്പെട്ടവരിൽ ചിലപ്പോൾ മാർക്സിസ്റ്റുകാരും ഉണ്ടായിരിക്കാം. പുൽപ്പള്ളി സംഭവത്തിൽ നക്സലൈറ്റാണെന്നു അറിഞ്ഞിട്ടുതന്നെ പലരേയും ചോദ്യം ചെയ്തതിനെപ്പറ്റി അന്ന് ആക്ഷേപിച്ചതു ഈ സഭയിൽ വന്നതല്ലേ സർ?

ഡോ. ജോർജ്തോമസ്: മനുഷ്യമാംസം തീറ്റിച്ചു മനുഷ്യമാംസം തീറ്റിച്ചു എന്ന പരാതിയുണ്ടായി. ഈ മനുഷ്യമാംസത്തിന്റെ കാണ്മാറി എന്താണ്, മനുഷ്യമാംസത്തിന്റെ സോഴ്സ് ഏതാണ്, വല്ല ശവശരീരം വല്ലതുമാണോ, അല്ലെങ്കിൽ മനുഷ്യൻ അല്ലെന്നു കണ്ടുപിടിക്കാൻ എന്തെങ്കിലും വിവരം ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതൊന്നും അറിയുകയില്ല. മനുഷ്യമാംസം തീറ്റിച്ചു എന്നു പ്രചാരവേലയുണ്ടായി. അതുസംബന്ധിച്ച വിവരമാണു ഞാൻ പറഞ്ഞത്. എന്നാൽ ഈ പ്രചാരവേല ചെയ്യുന്നവർതന്നെ അതു തെളിയിക്കാനും ബാധ്യസ്ഥരാണ്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സർ, ഞങ്ങളം തെളിയിക്കാൻ ബാധ്യസ്ഥരാണ്. തെളിയിക്കാൻ തയ്യാറുമാണ്. മന്ത്രി അതിനു തയ്യാറുണ്ടോ?

ശ്രീ. സി. കെ. ബാലകൃഷ്ണൻ: പതിനെട്ടാംതീയതി ചിലയാളുകളെ അറസ്റ്റുചെയ്തു. 28–ാംതീയതിയേ കോടതിയിൽ ഹാജരാക്കിയുള്ളൂ എന്നാണാക്ഷേപം. 18–ാംതീയതി അങ്ങനെ സംഭവിച്ചിട്ടില്ലെന്നു മന്ത്രിയും പറയുന്നു. 18–ാംതീയതി അറസ്റ്റുചെയ്തത് ആരെയാണ്, 28–ാംതീയതി കോടതിയിൽ ഹാജരാക്കിയത് ആരെയാണെന്നു പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതിനെസംബന്ധിച്ച രേഖകൾ ഇപ്പോഴില്ല. 18–ാംതീയതി അറസ്റ്റുചെയ്തവരെയാണ് 28–ാംതീയതി കോടതിയിൽ ഹാജരാക്കിയതെങ്കിൽ അവരെസംബന്ധിച്ചു ഇങ്ങനെ സംഭവിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും ഗവൺമെൻറു ഗൗരവമായി പരിഗണിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. വി. കുമാരൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ പത്രമായ ചന്ദ്രികയിൽ ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി പറഞ്ഞതുശരി. 4—ാംതീയതി യിലെ ചന്ദ്രികയിൽ 18—ാംതീയതി അറസ്റ്റു ചെയ്തു വ്യക്തം പറയപ്പെടുന്ന എ. വി. കരുണൻ, അവറാൻ പാച്ചൻ തുടങ്ങിയ ആളുകളെ കഠിനമായിമർദ്ദിച്ചിട്ടുണ്ടെന്നു പറയുന്നുണ്ട്. ആ മർദ്ദനങ്ങളെസംബന്ധിച്ചെങ്കിലും അന്വേഷിക്കാൻ ദയവുണ്ടാകുമോ? ഇതു നവജീവൻ, ചന്ദ്രിക, ഹിന്ദു തുടങ്ങിയ പത്രങ്ങളിൽ വന്നിട്ടുണ്ട്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഒന്നാമതു എനിക്ക് അങ്ങനെയൊരു പത്രമില്ല. ആ പത്രമാഫീസിൽ ശമ്പളക്കാരനായി ജോലിചെയ്തിരുന്നു. ആ ഉദ്യോഗം ഇപ്പോഴില്ല. പത്രങ്ങളിൽ വന്ന റിപ്പോർട്ടുകളിൽ ചില ആളുകളെ അറസ്റ്റുചെയ്തതോ പോലീസ് ഇന്നയിന്ന ആളുകളെ കസ്റ്റഡിയിലെടുത്തതോ ആയ വാർത്തകൾ പ്രസിദ്ധീകരിച്ചിട്ടുണ്ടായിരിക്കും. ആ ആളുകളെ നിയമവിരുദ്ധമായി തടങ്കലിൽ വച്ചു കോടതിയിൽ ഹാജരാക്കാതെ തടങ്കലിൽവച്ചു എന്നാണ് ആക്ഷേപമെങ്കിൽ അതു നോക്കി ഉത്തരവാദപ്പെട്ടവരുടെ പേരിൽ നടപടിയെടുക്കാം.

ശ്രീ. കെ. എം. മാണി: പുൽപ്പള്ളി, തലശ്ശേരി, കുറിയാടി സംഭവങ്ങൾ ഒറ്റപ്പെട്ട സംഭവങ്ങളായി കരുതുന്നുണ്ടോ, ഇനിയും ഇങ്ങനെയുള്ള പോലീസ് സ്റ്റേറ്റ്മെന്റ് ഉണ്ടാകാൻ സാധ്യതയുണ്ടെങ്കിൽ ശക്തിയായി നേരിടാൻ എന്തുപരിപാടിയാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഒറ്റപ്പെട്ട സംഭവങ്ങളായി ഗവൺമെന്റു കരുതുന്നില്ല. ഈ മാതിരിയുള്ള സംഭവങ്ങൾ ഉണ്ടാകാതിരിക്കാനും ഈ സംഭവങ്ങളെ നേരിടാനുമുള്ള എല്ലാ നടപടികളും ഗവൺമെന്റ് എടുത്തിട്ടുണ്ട്. അങ്ങനെയെടുത്ത ഒരു നടപടിയുടെ ഫലമായിട്ടായിരുന്നു കുറിയാടി ആക്രമണം പരാജയപ്പെടുത്താനും ആളുകൾക്ക് ജീവാപായം വരാനും ബാക്കിയുള്ളവർ ഓടിപ്പോകാനും കാരണമായിട്ടുള്ളത്. ഇതേസംബന്ധിച്ച് ജാഗ്രതയായിരിക്കണമെന്ന് എല്ലാ പോലീസ് സ്റ്റേഷനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഗവൺമെന്റിന്റെ പരിമിതികൾക്കു വിധേയമായിഗവൺമെന്റിനു ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ഇതേസംബന്ധിച്ചു ചെയ്യുന്നതാണെന്നു സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ഇ. ജോൺ ജേക്കബ്: നിരപരാധിയായ ഒരു പോലീസ് ഇൻസ്പെക്ടർ അദ്ദേഹത്തിന്റെ കൃത്യനിർവ്വഹണത്തിനിടയിൽ ആക്രമിക്കപ്പെട്ടതിനെ സംബന്ധിച്ച് യാതൊരു പരാതിയും പ്രതിപക്ഷബഞ്ചുകളിൽനിന്നും വരാതിരിക്കുകയും എന്നാൽ അതു ചെയ്ത ആളുകളിൽ ഏതാണ്ട്.....

(പ്രതിപക്ഷബഞ്ചുകളിൽ ബഹളം)

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഇവിടെ ആരുടെയും പേരു പറഞ്ഞിട്ടില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അറസ്റ്റുചെയ്ത ആളുകളെ മർദ്ദിച്ചതിനെപ്പറ്റിയാണ് ഞങ്ങൾ പരാതിപ്പെടുന്നത്. മർദ്ദനവിധേയരായ ആളുകൾ നിരപരാധികളാണെന്നു കണ്ടുകൊണ്ടാണു വിട്ടയച്ചത്. അതിനെപ്പറ്റി ഞങ്ങൾ പരാതി പറഞ്ഞു എന്നുള്ളതാണ് അദ്ദേഹം പറയുന്നത്. അതുകൊണ്ടാണു അതു പിൻവലിക്കണമെന്നു പറയുന്നത്. പ്രത്യേകിച്ചു ചില ആളുകളെപ്പറ്റിത്തന്നെയാണ് പറഞ്ഞിട്ടുള്ളത്. ചിലയാളുകൾക്ക് ഇൻസ്പെക്ടർക്കു ഉപദ്രവംവന്നതിനെപ്പറ്റി പരാതിയില്ലെന്നാണ് അദ്ദേഹം പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ജോൺജേക്കബ്: ഇന്നയാളുകളെന്നു പേരൊന്നും ഞാൻ പറഞ്ഞിട്ടില്ല. ചിലയാളുകളും ആരായാലും ശരി.....

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പ്രതിപക്ഷം അതിൽ പ്രതിഷേധിക്കാത്തതു ശരിയാണോ എന്നാണ് ശ്രീ. ജോൺജേക്കബ് ചോദിച്ചത്. അദ്ദേഹം ഒരുപക്ഷേ സബ്ഇൻസ്പെക്ടറുടെ മേലുണ്ടായ ആക്രമണത്തിൽ രോഷം പ്രകടിപ്പിക്കാത്തതുകൊണ്ട് ഉണ്ടായ വികാരം കൊണ്ട് പറഞ്ഞിട്ടുള്ളതായിരിക്കും. ഗവൺമെൻറിന്റെ നിലയിൽ ഞാൻ അതിനുത്തരം പറയേണ്ടതൊന്നുമില്ല.

ശ്രീ. കെ. എ. ശിവരാമഭാരതി: നീതി നടത്തണമെന്നു വിശ്വസിക്കുന്ന ഒരു ഗവൺമെൻറ് ആക്ഷേപങ്ങളും എവിടെനിന്നു വരുന്നുവെന്നുള്ളതു പ്രത്യേകിച്ചു നോക്കാതെ നിഷ്പക്ഷമായ ഒരന്വേഷണം നടത്തുന്നതിന് (ഗുരുതരമായ ആരോപണങ്ങളും വരുമ്പോഴെങ്കിലും) വേണ്ട നടപടികളും സ്വീകരിക്കേണ്ടേ? ഇത്തരത്തിലുള്ള സന്ദർഭങ്ങളിലെങ്കിലും സർക്കിൾ ഇൻസ്പെക്ടർക്കു പകരം ഡി. എസ്. പി. എന്നുള്ള നടപടിസ്വീകരിച്ചാൽ മതിയാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ആക്ഷേപം ഗുരുതരമാണെന്നു പറയുന്നത് ആക്ഷേപം എവിടെനിന്നു വരുന്നുഎന്നുള്ളതു നോക്കിയല്ല. നീതി നിഷ്ഠമായിത്തന്നെ എല്ലാഭാഗത്തുനിന്നുമുള്ള ആക്ഷേപങ്ങളെ സംബന്ധിച്ച് അന്വേഷണങ്ങളും നടത്തുന്നതാണ്. പക്ഷേ എല്ലാ ആക്ഷേപങ്ങളെസംബന്ധിച്ചും അന്വേഷണം നടത്താൻ ഒരു ഗവൺമെൻറിനും സാധ്യമല്ല. ഒരു ഗവൺമ്മെൻറും നടത്തിയിട്ടുമില്ല. ഈ ആക്ഷേപം വാസ്തവത്തിൽ കേവലിയിൽത്തന്നെ ശരിയല്ലെന്നു തോന്നിയെങ്കിലും ഒരന്വേഷണം നടത്തി ആ അന്വേഷണത്തിൽനിന്നു ലഭിച്ച വിവരങ്ങളും വായിച്ചു നോക്കുകയും ചെയ്തപ്പോൾ മറെറാരു അന്വേഷണത്തിന്റെ ആവശ്യമില്ലെന്ന നിഗമനത്തിൽ ഗവൺമെൻറ് എത്തിച്ചേർന്നതാണ്.

ശ്രീ ഇ. എം. ജോർജ്: പോലീസ് നടത്തിയ മർദ്ദനങ്ങളെപ്പററി ഡി. എസ്. പി. അന്വേഷിച്ച് ഗവർമ്മെൻറിനുസമർപ്പിച്ച റിപ്പോർട്ട് തൃപ്തികരമായ റിപ്പോർട്ടല്ലെന്ന് മന്ത്രിയുടെ ഉത്തരത്തിൽനിന്നും വ്യക്തമാണ്. 18–ാംതീയതി അറസ്ററുചെയ്ത ആളുകളെ എന്ന് കോടതിയിൽ ഹാജരാക്കിയെന്ന് മന്ത്രിക്കുപറയാൻ നിവൃത്തിയില്ല. 28–ാം തീയതി കോടതിയിൽ ഹാജരാക്കിയ ആളുകളെ എന്ന് അറസ്ററുചെയ്തു എന്നുപറയാനുള്ള വിവരവും മന്ത്രിക്കു കിട്ടിയിട്ടില്ല. അപ്പോൾ എന്തോ ഷെയിഡിയായിട്ടുള്ള കാര്യങ്ങളും നടന്നു എന്നും തൃപ്തികരമായ അന്വേഷണം നടന്നില്ല എന്നുള്ളതു വ്യക്തമാണ്. അതുകൊണ്ട് ഡി. എസ്. പി. യെക്കൊണ്ട് അന്വേഷിപ്പിച്ചതിനു പുറമെ നിഷ്പക്ഷനായ മറെറാരു ഉദ്യോഗസ്ഥനെക്കൊണ്ടുകൂടി അന്വേഷിപ്പിച്ചുകൊണ്ട് ഒരു റിപ്പോർട്ടു തരാൻ തയ്യാറാകുമോ?

ശ്രീ സി. എച്ച്. മുഹമ്മദുകോയ: ചോദ്യത്തിന്റെ അവസാനഭാഗം കേട്ടുകഴിഞ്ഞപ്പോൾ ആദ്യഭാഗം മറന്നുകഴിഞ്ഞു. അത്രയ്ക്ക് നീണ്ടതായിരുന്നു ചോദ്യം. പിന്നെ ''മന്ത്രി പോലീസ് നടത്തിയ മർദ്ദനങ്ങളെപ്പററി'' എന്നാണ് പറയുന്നത്. മർദ്ദനം നടത്തിയെന്ന് ഞാൻ സമ്മതിച്ചിട്ടില്ല. ഈ കാര്യത്തെസംബന്ധിച്ചുള്ള വിവരം എനിക്കു നൽകാൻ എന്തുകൊണ്ടു കഴിഞ്ഞില്ലെന്നുള്ളതിനെ സംബന്ധിച്ച് ഞാൻ നേരത്തെതന്നെ പറഞ്ഞുകഴിഞ്ഞു 18–ാംതീയതി അറസ്ററുചെയ്ത ആളുകളെ കോടതിയിൽ ഹാജരാക്കാതെ അനധികൃതമായി തടങ്കലിൽ വച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പറൻമാർ ഇപ്പോൾ പറഞ്ഞകാര്യങ്ങളെസംബന്ധിച്ച് തീർച്ചയായും അന്വേഷി

ക്കാം. അതല്ലാതെ മറ്റുസംഗതികളെസംബന്ധിച്ച് അന്വേഷിക്കാൻ നിവൃത്തിയില്ലെന്നു പറഞ്ഞുകഴിഞ്ഞ സ്ഥിതിക്ക് പിന്നെയും പിന്നെയും ചോദിക്കേണ്ടല്ലോ.

(ബഹളം)

Mr. Speaker: You have taken 25 minutes for this question

(ബഹളം)

കർഷകത്തൊഴിലാളികളുടെ നേരെ നടന്ന വെടിവയ്പ്

*63 [255.] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) വീയപുരത്ത് കർഷകത്തൊഴിലാളികളുടെ നേരെ നടന്ന വെടിവയ്പിനെപ്പറ്റിയുള്ള അന്വേഷണക്കമ്മിഷൻ റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞുവോ; അതിന്റെ ഫലമെന്ത്;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടു?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): (എ) സമർപ്പിച്ചു കഴിഞ്ഞു.

(ബി) അന്വേഷണറിപ്പോർട്ട് ഗവർമ്മെൻറു പരിഗണനയിലിരിക്കുകയാണ്.

ശ്രീ. എം. കെ. കൃഷ്ണൻ: ഈ അന്വേഷണറിപ്പോർട്ടിൽ ആ വെടിവയ്പ്പ് ന്യായീകരിക്കത്തക്കതല്ലെന്നും അതുപോലെതന്നെ ആ സംഭവത്തിൽ മർദ്ദനമേറ്റ ആളുകൾക്ക് നഷ്ടപരിഹാരം കൊടുക്കണമെന്നും പറഞ്ഞിട്ടുണ്ടോ?

ശ്രീ സി. എച്ച്. മുഹമ്മദുകോയ: ഇപ്പോൾ അതു പറയാൻ വയ്യ, ആ റിപ്പോർട്ടു പരിശോധിച്ചുകഴിഞ്ഞിട്ടില്ല.

ശ്രീ എം. കെ. കൃഷ്ണൻ: അങ്ങനെയാണെങ്കിൽ ഈ റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ ഗവർമ്മെൻറു തയ്യാറാകുമോ?

ശ്രീ സി. എച്ച്. മുഹമ്മദുകോയ: പ്രസിദ്ധീകരിക്കാമെന്ന് ഉറപ്പു പറയാനും പറ്റുകയില്ല; പരിശോധിച്ചതിനുശേഷമേ പറയാൻ പറ്റുകയുള്ളൂ.

ശ്രീ സി. ബി. ചന്ദ്രശേഖരവാര്യർ: ഗവർമ്മെൻറിൽനിന്നും മറ്റൊരു ഉന്നത ഉദ്യോഗസ്ഥനെ നിയമിച്ച് അന്വേഷണം നടത്തിയ ആ റിപ്പോർട്ട് എന്തുകൊണ്ടാണ് പ്രസിദ്ധീകരിക്കാൻ കഴിയുകയില്ലെന്നുപറയുന്നത്?

ശ്രീ സി. എച്ച്. മുഹമ്മദുകോയ: അതു പ്രസിദ്ധീകരിക്കണമോ വേണ്ടയോയെന്ന് ഗവർമ്മെൻറ് തീരുമാനിച്ചുകഴിഞ്ഞിട്ടില്ലാത്തതുകൊണ്ട്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: അന്വേഷണറിപ്പോർട്ടിന്റെ ഉള്ളടക്കം ഗവർമ്മെൻറിനുകിട്ടുന്ന റിപ്പോർട്ടാണ്. അതു ഗവർമ്മെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഉള്ളടക്കത്തെസംബന്ധിച്ച് ഇത്രപെട്ടന്ന് മറ്റുള്ള മെമ്പറൻമാർ അറിയാനുള്ള കാരണങ്ങളെന്താണെന്നുപറയാമോ?

LIBRARY ARCHIVES Kerala Legislative Assembly